അംഗൻവാടി ജീവനക്കാർ

56 [510] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അംഗൻവാടിയിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും സർവ്വീസിൽ നിന്നും പിരിയുന്ന അവസരത്തിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ജീവനക്കാർക്ക് ലഭിക്കുന്നതുപോലുള്ള മുഴുവൻ ആനുകൂല്യങ്ങളും അംഗൻവാടിയിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ കീഴിലുള്ള അംഗൻവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും സർവ്വീസിൽ നിന്ന് പിരിയുന്ന അവസരത്തിൽ അംഗൻവാടി വർക്കർ/ഹെൽപ്പർ വെൽഫെയർ ഫണ്ട് ആനുകൂല്യത്തിന് വ്യവസ്ഥയുണ്ട്.

(ബി) അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഓണറേറിയം വ്യവസ്ഥയിൽ പ്രവൃത്തി എടുക്കുന്നവരാണ്. അവർ സർക്കാർ ജീവനക്കാർ അല്ലാത്തതിനാൽ സംസ്ഥാന ജീവനക്കാർക്ക് ലഭിക്കുന്നതുപോലുള്ള ആനുകൂല്യങ്ങൾക്ക് അർഹതയില്ല.

(സി) അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും സർവീസിൽ നിന്ന് പിരിയേണ്ട പ്രായം നിജപ്പെടുത്തുന്നതിനും അപ്രകാരം പിരിഞ്ഞുപോകുമ്പോൾ നൽകേണ്ട ആനുകൂല്യങ്ങൾ, നിലവിലുള്ള സേവനവ്യവസ്ഥകളിൽ വരുത്തേണ്ട പരിഷ്ക്കാരം അംഗൻവാടി പ്രവർത്തകരുടെ വെൽഫെയർ ഫണ്ടിന്റെ ഫലപ്രദവും ഗുണപരവുമായ ഉപയോഗം, അംഗൻവാടിക്ക് സ്ഥലം സംഭാവന ചെയ്തവർക്ക് നൽകേണ്ട ആനുകൂല്യം എന്നിവയെക്കുറിച്ച് പഠിച്ച് സർക്കാരിനു ശുപാർശ സമർപ്പിക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ടു ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly